**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.*839.** **25-07-2012-ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മേഖലാ തൊഴിലാളി ധനസഹായ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.എ.വാഹീദ്:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് ധനസഹായ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. 2010-11 സാമ്പത്തിക വർഷം മുതൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന താങ്ങൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ ബീഡി, ഖാദി, മത്സ്യബന്ധനവും മത്സ്യ സംസ്കരണവും, കയർ, കുട്ട, പായ നെയ്ത്ത് മൺപാത്ര നിർമ്മാണം, അവശതയനുഭവിക്കുന്ന വിദഗ്ദ്ധ തൊഴിലാളികൾ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250/- രൂപയെങ്കിലും ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിക്കാനാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. |

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) 2012-13 വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിന് പ്ളാനിംഗ് ബോർഡ് തലത്തിലും, മന്ത്രിതലത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. ആയത് പ്രകാരം 2012-13 വർഷം വകയിരുത്തിയിട്ടുള്ള തുക താഴെപറയും പ്രകാരം നൽകുന്നതിന് ധാരണയായിട്ടുണ്ട്.

1) ഖാദി ബോർഡ് - 16,00,00,000/-

2) ഫിഷറീസ് വകുപ്പ് - 23,60,00,000/-

3) ഈറ്റ, കാട്ടുവള്ളി ബോർഡ് - 2,30,00,000/-

4) ബീഡി-സിഗാർ ബോർഡ് - 5,30,60,000/-

5) കൈത്തറി - 2010-11 വർഷം വകുപ്പിന് നൽകിയ തുകയിൽ 7 കോടിയോളം രൂപ ബാക്കി നിൽക്കുന്നതിനാൽ അത് കൂടി വിനിയോഗിക്കുന്ന കാര്യം വകുപ്പുമായി ചർച്ച ചെയ്തു തീരുമാനിക്കും

6) കയർ - പുതിയ പ്രൊപ്പോസൽ തരുന്നതനുസരിച്ച് തീരുമാനിക്കുന്നതാണ്.

7) ആർട്ടിസാൻസ് -തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ